"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - പോഷൻ അഭിയാൻ പദ്ധതി-വളർച്ചാ നിരീക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.118/2026/WCDD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. പോഷൻ അഭിയാൻ 2.0 മാർഗ്ഗരേഖ
2. 16.02.2023 തീയതിയിലെ കേന്ദ്രസർക്കാരിന്റെ F.No. PA/293/2022-CPMU(e-102529) നമ്പർ കത്ത്
3. 30/01/2024 ,01/04/2024 , 28/01/2026 തീയതികളിലെ വനിത ശിശു വികസന ഡയറക്ടറുടെ DWCD/507/2023-SA1 NNM നമ്പർ കത്ത്
4. 24/06/2024ലെ കേന്ദ്രസർക്കാരിന്റെ **PA/81/2024-CPMU (e-113436)** നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ പദ്ധതിയുടെ നടത്തിപ്പിനായി വാങ്ങിയിട്ടുള്ള വളർച്ചാ നിരീക്ഷണ ഉപകരണങ്ങൾ 4 വർഷം കാലാവധി പൂർത്തിയായത് മാറ്റി പുതിയത് വാങ്ങുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും പരാമർശം (2) പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(2) പോഷൻ അഭിയാൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 33120 അങ്കണവാടികളിലും വളർച്ച നിരീക്ഷണ ഉപകരങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി അത്യന്താപേക്ഷിതമാണെന്നും, ആയതിനാൽ 33120 അങ്കണവാടികളിലേയ്ക്കും മുഴുവൻ വളർച്ച നിരീക്ഷണ ഉപകരണങ്ങളും വാങ്ങുന്നതിനായി ₹27,82,08,000/- (ഇരുപത്തി ഏഴ് കോടി എൺപത്തി രണ്ട് ലക്ഷത്തി എണ്ണായിരം രൂപ മാത്രം) [34776 x 8000 = 278208000/-] രൂപയ്ക്കുള്ള അനുമതി നൽകണമെന്നും വളർച്ച നിരീക്ഷണ ഉപകരങ്ങളുടെ പർച്ചേസ് പൂർത്തീകരിച്ചതിനു ശേഷം കാലഹരണപ്പെട്ട വളർച്ച നിരീക്ഷണ ഉപകരങ്ങൾ ഇ-വേസ്റ്റ് മാനേജ്മെന്റ് നിയമ പ്രകാരം ഡിസ്പോസ് ചെയ്യുന്നതിനുമുള്ള അനുമതി ലഭ്യമാക്കണമെന്നും പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ അങ്കണവാടികളുടെ എണ്ണം = 33120

1. Infantometer rate per Unit - 1500/-

2. Stadiometer rate per Unit - 1600/-

3. Weighing Scale (infant) rate per Unit- 2200/-

4. Weighing Scale (Mother and Child) rate per Unit- 2700/-

Total cost = 8000/- Unit (പോഷൻ അഭിയാൻ മാർഗ്ഗരേഖ 2.0 പ്രകാരം)

| Sl no. | GMDs | To be replaced | 5% buffer | Total nos | Rate/piece | Total Cost as per Guidelines |
|---|---|---|---|---|---|---|
| 1 | Infantometer | 33120 | 1656 | 34776 | 1500 | 5,21,64,000 |
| 2 | Stadiometer | 33120 | 1656 | 34776 | 1600 | 5,56,41,600 |
| 3 | Weighing Scale (infant) | 33120 | 1656 | 34776 | 2200 | 7,65,07,200 |
| 4 | Weighing Scale (Mother and Child) | 33120 | 1656 | 34776 | 2700 | 9,38,95,200 |
| | Total | | | | 8000 | **27,82,08,000** |

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ പദ്ധതിയുടെ കീഴിൽ വളർച്ചാ നിരീക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് ചട്ടങ്ങളും പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കേന്ദ്ര നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ അവയും പാലിച്ചിരിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ പ്രസ്തുത പദ്ധതിയുടെ കീഴിൽ **₹27,82,08,000** (ഇരുപത്തി ഏഴ് കോടി എൺപത്തി രണ്ട് ലക്ഷത്തി എണ്ണായിരം രൂപ മാത്രം) രൂപയുള്ള വളർച്ചാ നിരീക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. വളർച്ച നിരീക്ഷണ ഉപകരങ്ങളുടെ പർച്ചേസ് പൂർത്തീകരിച്ചതിനു ശേഷം കാലഹരണപ്പെട്ട വളർച്ച നിരീക്ഷണ ഉപകരങ്ങൾ ഇ-വേസ്റ്റ് മാനേജ്മെന്റ് നിയമ പ്രകാരം ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-1/84/2025-FIN(E:3120787) തീയതി 19/06/2025)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 09-03-2026 12:42:35

സെക്ഷൻ ഓഫീസർ